# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3469      19/10/2016 -ൽ മറുപടിക്ക്

## ജലഗുണനിലവാര പരിശോധനക്കായി സംവിധാനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. വി.ടി.ബൽറാം | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ജലഗുണനിലവാര പരിശോധനക്കായി വാട്ടർ അതോറിറ്റിക്ക് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ ശുദ്ധജല ഗുണനിലവാര പരിശോധനക്ക് വേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 14 ജില്ലാതല ലാബുകളും 33 സബ്ഡിവിഷണൽ ലാബുകളും ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും ഇപ്പോൾ പ്രവർത്തിച്ച് വരുന്നുണ്ട്.<br>മേൽപ്പറഞ്ഞ ലാബുകളിലെ ഉദ്യോഗസ്ഥർ നിശ്ചിത സമയങ്ങളിൽ വാട്ടർ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധനാ ലാബുകളിൽ ഇൻഡ്യൻ സ്റ്റാൻഡേർഡ് അനുശാസിക്കുന്ന രീതിയിൽ ഗുണനിലവാര പരിശോധന നടത്തി ഫലം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ യഥാസമയം അറിയിച്ചു വരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിലെ കിണറുകൾ, ട്യൂബ് വെല്ലുകൾ, നദികൾ എന്നിവയിൽ നിന്നും മറ്റും സാമ്പിളുകൾ ശേഖരിച്ച് അവയുടെ ഗുണനിലവാരം പരിശോധിച്ച് പരിശോധനാഫലം IMIS വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തി വരുന്നുണ്ട്. |
| (ബി) ഇതിനായി ലാബുകൾ പ്രവർത്തിക്കുന്നുണ്ടോ; വിവരിക്കുമോ; | (ബി) ശുദ്ധജല ഗുണനിലവാര പരിശോധനക്കു വേണ്ടി 14 ജില്ലാതല ലാബുകളും 33 സബ്ഡിവിഷണൽ ലാബുകളും പ്രവർത്തിച്ചു വരുന്നു.<br><u>ആലപ്പുഴ:</u><br>ജില്ലാതല ലാബ് – 1<br>സബ്ഡിവിഷണൽ ലാബ് – 1 |

എറണാകുളം:
സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് - 1
ജില്ലാതല ലാബ് – 1
സബ്ഡിവിഷണൽ ലാബ് – 3
(മൂവാറ്റുപുഴ, ആലുവ, നെട്ടൂർ)
ഇടുക്കി:
ജില്ലാതല ലാബ് – 1 സബ്ഡിവിഷണൽ ലാബ് – 2
(പൈനാവ്, തൊടുപുഴ)
കണ്ണൂർ:
ജില്ലാതല ലാബ് – 1
സബ്ഡിവിഷണൽ ലാബ് – 1
കാസറഗോഡ്:
ജില്ലാതല ലാബ് – 1
സബ്ഡിവിഷണൽ ലാബ് – 2
(കാസറഗോഡ്, കാഞ്ഞങ്ങാട്)
കൊല്ലം:
ജില്ലാതല ലാബ് – 1
സബ്ഡിവിഷണൽ ലാബ് – 4
(കോട്ടയം, വൈക്കം, പെരുന്ന, ഏറ്റുമാനൂർ)
കോഴിക്കോട്:
ജില്ലാതല ലാബ് – 1
സബ്ഡിവിഷണൽ ലാബ് – 2
(കോഴിക്കോട്, വടകര)
മലപ്പുറം:
ജില്ലാതല ലാബ് – 1
സബ്ഡിവിഷണൽ ലാബ് – 5
(നിലമ്പൂർ, മലപ്പുറം, മഞ്ചേരി, പരപ്പനങ്ങാടി, പെരിന്തൽമണ്ണ)
പാലക്കാട്:
ജില്ലാതല ലാബ് – 1
സബ്ഡിവിഷണൽ ലാബ് – 3
(ചിറ്റൂർ, ഷൊർണ്ണൂർ, പാലക്കാട്)
പത്തനംതിട്ട:
ജില്ലാതല ലാബ് – 1
സബ്ഡിവിഷണൽ ലാബ് – 1
(തിരുവല്ല)
തിരുവനന്തപുരം:
ജില്ലാതല ലാബ് – 1
സബ്ഡിവിഷണൽ ലാബ് – 1
തൃശ്ശൂർ:
ജില്ലാതല ലാബ് – 1

| | | | |
|---|---|---|---|
| | | | സബ്ഡിവിഷണൽ ലാബ് – 3<br>(തൃശ്ശൂർ, നാട്ടിക, ഇരിങ്ങാലക്കുട)<br><u>വയനാട്:</u><br>ജില്ലാതല ലാബ് – 1<br>സബ്ഡിവിഷണൽ ലാബ് – 4<br>(മാനന്തവാടി, കൽപ്പറ്റ, സുൽത്താൻ ബത്തേരി - 2) |
| (സി) | ജലഗുണനിലവാര പരിശോധനക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്, വിശദാംശങ്ങൾ എന്തെല്ലാം; | (സി) | വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ ജില്ലാ ലാബുകൾ വഴി കുടിവെള്ളവിതരണ പദ്ധതിയുടെ വിതരണ ശൃംഖലയിൽ നിന്നും ശുദ്ധീകരണശാലയിൽ നിന്നും കുടിവെള്ള സാമ്പിളുകൾ എടുത്ത് ഫിസിക്കൽ, കെമിക്കൽ, ബാക്ടീരിയോളജിക്കൽ പരിശോധനകൾ നടത്തിവരുന്നു. ഇതുകൂടാതെ ഈ ലാബുകളിൽ പൊതുജനങ്ങൾക്കും ശുദ്ധജലഗുണനിലവാര പരിശോധനക്ക് ജലസാമ്പിളുകൾ കൊണ്ടുവരാവുന്നതാണ്. നിശ്ചിത ഫീസ് അടച്ചാൽ ജലഗുണനിലവാരം പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നല്കിവരുന്നു. ഗ്രാമീണമേഖലയിലെ കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സാമ്പിളുകൾ ശേഖരിക്കുകയും വാട്ടർ അതോറിറ്റിയുടെ സബ് ഡിവിഷണൽ ലാബുകളിൽ നിന്നും പരിശോധനാഫലം <u>www.indiawater.gov.in</u> എന്ന വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുകയും ചെയ്തുവരുന്നു. |
| (ഡി) | പരിശോധനാ റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വിവരിക്കുമോ? | (ഡി) | പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിൽ വേണ്ട പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

JSK/